പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T3145 07.02.2018-ൽ മറുപടിക്ക്

## അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം നിലവിൽ വരുന്നതിന് മുമ്പുള്ള അനധികൃത നിലം നികത്തൽ ക്രമപ്പെടുത്തുന്നതിനായി, മുൻസർക്കാ രിന്റെ കാലത്ത് പ്രസ്തുത നിയമത്തിൽ കൊണ്ടുവന്ന ഭേദഗതി, ഈ സർക്കാർ നിലവിൽ വന്നശേഷം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർക്ക് പ്രസ്തുത നിയമപ്രകാരം അധികാരമുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത അധികാരം ജില്ലാ ഭരണാധികാരികൾ വിനിയോഗിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലെ വകുപ്പ് 13 പ്രകാരം ജില്ലാ കളക്ടർക്ക് അധികാരമുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത നിയമത്തിലെ സെക്ഷൻ 13 കർശനമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം സെക്ഷൻ 13 പ്രകാരം അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ കളക്ടർമാരും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ